പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 273 | 11.06.2012-ൽ മറുപടിക്ക്.

# അഞ്ചൽ പോലീസ് സ്റ്റേഷൻ കോംപ്ലക്സിന്റെ നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. രാജു | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
| (എ) പുനലൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട അഞ്ചൽ പോലീസ് സ്റ്റേഷൻ കോംപ്ലക്സിന്റെ നിർമ്മാണ നടപടികൾ ആരംഭിക്കുന്നതിനുള്ള സാങ്കേതിക തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ; | : (എ) സാങ്കേതിക തടസ്സം ഒന്നുമില്ല. പോലീസ് ആധുനികവൽക്കരണ പദ്ധതിയിൽ ഉൾപ്പെടുത്തി അഞ്ചൽ പോലീസ് സ്റ്റേഷൻ നിർമ്മാണ ചുമതല കെ.പി.എച്ച്.സി.സി.യ്ക്ക് നൽകിയിട്ടുണ്ട്. |
| (ബി) അഞ്ചൽ ഗ്രാമപഞ്ചായത്തിന്റെ ഒരേക്കർ സ്ഥലം പ്രസ്തുത കോംപ്ലക്സ് നിർമ്മാണത്തിനായി പോലീസ് വകുപ്പിനെ ഏൽപ്പിച്ചിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ കെട്ടിട നിർമ്മാണത്തിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ? | : (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 24.11.2009-ലെ ജി.ഒ. (എം.എസ്.) നമ്പർ: 478/2009/റവന്യൂ ഉത്തരവ് പ്രകാരം, റവന്യൂ വകുപ്പ് കൊല്ലം ജില്ലയിൽ പത്തനാപുരം താലൂക്കിൽ അഞ്ചൽ പഞ്ചായത്തിനായി ഏറ്റെടുത്ത ഭൂമിയിൽ നിന്നും ഒരേക്കർ ഭൂമി പോലീസ് വകുപ്പിന് വിട്ടു നൽകി പകരം അഞ്ചൽ പോലീസ് സ്റ്റേഷൻ നിൽക്കുന്ന സ്ഥലം കെട്ടിടം ഉൾപ്പെടെ ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. ടി ഒരേക്കർ ഭൂമിയിലാണ് അഞ്ചൽ പോലീസ് സ്റ്റേഷൻ കെട്ടിടം, സർക്കിൾ ഓഫീസ്, ക്വാർട്ടേഴ്സുകൾ, ഡോർമിറ്ററി, പരേഡ് |

(മറുപുറം)

ഗ്രൗണ്ട് എന്നിവ നിർമ്മിക്കുവാൻ ഉദ്ദേശിച്ചിരുന്നത്. എന്നാൽ പ്രസ്തുത സർക്കാർ ഉത്തരവ് ഭേദഗതി ചെയ്ത് സ്ഥലം 60 സെന്റ് ആക്കുന്നതിനുള്ള തീരുമാനം പിൻവലിക്കണമെന്ന് പോലീസ് ഡയറക്ടർ ജനറൽ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതു റവന്യൂ വകുപ്പ് പരിശോധിച്ചുവരികയാണ്.

സെക്ഷൻ ഓഫീസർ

81